# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്പ്യൂട്ടർവൽക്കരണം- ഇന്റഗ്രേറ്റഡ് ടെമ്പിൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ(ITMS) നടപ്പാക്കുന്ന സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ആർ.ഒ.സി.16596/24/ഇഡിപി. തിരുവനന്തപുരം, 10.01.2025

---

**പരാമർശം:** ഓട്ടോമേഷൻ പ്രൊജക്ട് മാനേജരുടെ 06/01/2025 ലെ PM.30/2024/ITMS നമ്പർ റിപ്പോർട്ട്.

നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ചെന്നൈ വികസിപ്പിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് ടെമ്പിൾ മാനേജ്മെന്റ് സിസ്റ്റം (ITMS) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പൈലറ്റ് റൺ കൊട്ടാരക്കര പി.ഡി.മണികണ്ഠേശ്വരം ദേവസ്വത്തിൽ ആരംഭിയ്ക്കുന്നത് സംബന്ധിച്ചും, അതിലേക്കുള്ള കൗണ്ടറുകളുടെ നവീകരണം, സോഫ്റ്റുവെയർ കസ്റ്റമൈസേഷൻ, കൊട്ടാരക്കര ദേവസ്വത്തിലേക്കുള്ള കമ്പ്യൂട്ടർ ഹാർഡ്‌വെയർ സപ്ലൈ, ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗ്, നിലവിൽ ITMS നടപ്പിലാക്കിയിട്ടുള്ള തമിഴ്നാട്ടിലെ തിരിച്ചന്തൂർ, കന്യാകുമാരി ദേവസ്വങ്ങളിലെ സന്ദർശനം, ITMS ഹോസ്റ്റ് ചെയ്യുന്നതിനുള്ള ഡേറ്റാ സെന്റർ, ഡൊമൈൻ, ജീവനക്കാർക്കുള്ള ട്രെയിനിംഗ്, പേയ്മെന്റ് ഗേറ്റുവേ, ദേവസ്വം ബോർഡ് ആസ്ഥാനത്തെ ഓട്ടോമേഷൻ ഓഫീസിന്റെ ഉദ്ഘാടനം തുടങ്ങിയ വിവിധ വിഷയങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള ഓട്ടോമേഷൻ പ്രൊജക്ട് മാനേജരുടെ പരാമർശം റിപ്പോർട്ട് ലഭ്യമായി.

പരാമർശം റിപ്പോർട്ടിലെ ഓട്ടോമേഷൻ പ്രൊജക്ട് മാനേജരുടെ ശുപാർശകൾ പരിഗണിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ITMS നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കും പ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

## ഉത്തരവ്

1. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ രൂപീകരിച്ചിട്ടുള്ള ഓട്ടോമേഷൻ വിഭാഗത്തിന്റെ ദേവസ്വം ബോർഡ് ആസ്ഥാനത്തെ പുതിയ ഓഫീസിന്റെ ഉദ്ഘാടന കർമ്മം 2025 ജനുവരി 22-ാം തീയതി നടത്തുന്നതിന് നിശ്ചയിക്കുന്നു. പ്രസ്തുത തീയതിക്ക് മുമ്പായി ഓട്ടോമേഷൻ ഓഫീസിന്റെ നവീകരണ പ്രവർത്തനം പൂർത്തിയാക്കുന്നതിന് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.
2. ITMS സോഫ്റ്റ്‌വെയറിന്റെ പൈലറ്റ് റൺ ഉദ്ഘാടനം കൊട്ടാരക്കര പി.ഡി മണികണ്ഠേശ്വരം ദേവസ്വത്തിൽ 2025 ജനുവരി അവസാന ആഴ്ചയിൽ നടത്തുന്നതിന് നിശ്ചയിക്കുന്നു.

3. ഡിജിറ്റൈസേഷൻ ഉദ്ഘാടനത്തിന് മുമ്പായി കൊട്ടാരക്കര പി.ഡി. മണികണ്ഠേശ്വരം ദേവസ്വത്തിലെ വഴിപാട് കൗണ്ടർ, ഉണ്ണിയപ്പം ബുക്കിംഗ് കൗണ്ടർ എന്നിവ കമനീയമായ രീതിയിൽ പുതുക്കി പണിയുന്നതിന് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

4. എൻ.ഐ.സി ക്ക് ITMS സോഫ്റ്റുവെയറിന്റെ കസ്റ്റമൈസേഷന് ആവശ്യമുള്ള ലാപ്ടോപ്പ് നൽകുന്നത് സംബന്ധിച്ച് ടെക്നിക്കൽ കമ്മിറ്റിയിൽ ചർച്ച ചെയ്തിരുന്ന പ്രകാരം, MOU വിൽ വിവരിക്കും പ്രകാരമുള്ള കോൺഫിഗറേഷനിൽ ഒരു ലാപ്ടോപ്പ് പുതുതായി വാങ്ങി സപ്ലൈ ചെയ്യുന്നതിനും, പൈലറ്റിംഗ് ആരംഭിക്കുന്ന കൊട്ടാരക്കര ദേവസ്വത്തിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും പ്രിന്ററുകളും ഓട്ടോമേഷൻ പ്രോജക്ട് മാനേജരുടെ റിപ്പോർട്ട് പ്രകാരം സപ്ലൈ ചെയ്യുന്നതിനും മരാമത്ത് ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

5. ITMS ന്റെ പൈലറ്റിംഗ് സംബന്ധിച്ചും, ജി.സ്പാർക്ക്, ഇ-ഓഫീസ്, പ്രൈസ് തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ചുമുള്ള ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനായി ടെക്നിക്കൽ കമ്മിറ്റി മീറ്റിഗ് 22/01/2025 രാവിലെ 11 മണിക്ക് ചേരുന്നതിന് നിശ്ചയിക്കുന്നു.

6. കൊട്ടാരക്കര പി.ഡി മണികണ്ഠേശ്വരം ദേവസ്വത്തിൽ പൈലറ്റ് റൺ ആരംഭിക്കുന്നതിന് മുന്നോടിയായി തമിഴ്നാട് എച്ച്.ആർ&സി.ഇ യുടെ തിരുച്ചെന്തൂർ ക്ഷേത്രത്തിൽ പ്രസ്തുത സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനായി ബഹു:ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ, ടെക്നിക്കൽ കമ്മിറ്റി മുഖ്യ ഉപദേഷ്ടാവ്, ഓട്ടോമേഷൻ പ്രോജക്ട് മാനേജർ എന്നിവർ കന്യാകുമാരി ക്ഷേത്രവും, തിരുച്ചെന്തൂർ ക്ഷേത്രവും സന്ദർശിക്കുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു. തുടർനടപടികൾ സ്വീകരിക്കുന്നതിന് ഓട്ടോമേഷൻ പ്രോജക്ട് മാനേജരെ ചുമതലപ്പെടുത്തുന്നു.

7. ITMS സോഫ്റ്റുവെയറിന്റെ ഹോസ്റ്റിംഗിനായി MOU വിൽ വിവരിക്കും പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ നിന്നും സ്പെയ്സ് അലോട്ട് ചെയ്തു ലഭ്യമാകുന്നതിനും, ദേവസ്വം ബോർഡിന് kerala.gov.in ൽ അവസാനിക്കുന്ന ഡോമൈൻ ലഭ്യമാകുന്നതും സംബന്ധിച്ച് ടെക്നിക്കൽ കമ്മിറ്റി മുഖ്യ ഉപദേഷ്ടാവിന്റെ അഭിപ്രായം ലഭ്യമാക്കിയ ശേഷം, കേരളാ സ്റ്റേറ്റ് ഐ.റ്റി മിഷന് അപേക്ഷ സമർപ്പിക്കുന്നതിന് വേണ്ടുന്ന നടപടി സ്വീകരിക്കുന്നതിന് ഓട്ടോമേഷൻ പ്രോജക്ട് മാനേജരെ ചുമതലപ്പെടുത്തുന്നു.

8. ITMS ന്റെ പൈലറ്റിംഗ് ആരംഭിക്കുന്നതോടു കൂടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജീവനക്കാരുമടങ്ങുന്ന ഒരു ടീമിന് ആദ്യഘട്ട ട്രൈനിംഗ് കൊട്ടാരക്കര പി.ഡി മണികണ്ഠേശ്വരം ദേവസ്വത്തിൽ വച്ചു തന്നെ നൽകുന്നതിനും, പ്രസ്തുത ദേവസ്വത്തിലെ പ്രവർത്തനം തൃപ്തികരമായി നടത്തുന്നതിന് അവിടത്തെ ജീവനക്കാരെ പ്രാപ്തരാക്കിയ ശേഷം, ഈ ടീം തുടർന്നുള്ള ദേവസ്വങ്ങളിലെ ഇംപ്ലിമെന്റേഷന് വേണ്ടി പ്രവർത്തിക്കേണ്ടതുമാണ്. അതിലേക്ക് ജീവനക്കാരിൽ നിന്നും അംഗങ്ങളെ കണ്ടെത്തി ഒരു ടീം രൂപീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഓട്ടോമേഷൻ പ്രോജക്ട് മാനേജരെ ചുമതലപ്പെടുത്തുന്നു.

9. ITMS സോഫ്റ്റുവെയറിൽ ഏർപ്പെടുത്തേണ്ട പേയ്മെന്റ് ഗേറ്റ്‌വേ സംബന്ധിച്ച് 20/12/2024 ലെ ചർച്ചയിൽ തീരുമാനമെടുത്തതിൻ പ്രകാരം ഇൻഫർമേഷൻ കേരളാ മിഷന്റെ ചുമതലയിലുള്ള IKMPG ഗേറ്റുവെ സംവിധാനവും, ധനലക്ഷ്മി ബാങ്ക് ഇപ്പോൾ നൽകിവരുന്ന

പേയ്മെന്റ് ഗേറ്റ്‌വേ സംവിധാനവും, പി.ഒ.എസ് മെഷീൻ അടക്കം ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ, ധനലക്ഷ്മി ബാങ്ക് എന്നിവർക്ക് കത്ത് നൽകുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും ദേവസ്വം അക്കൗണ്ട്സ് ഓഫീസറെയും ഓട്ടോമേഷൻ പ്രോജക്ട് മാനേജരെയും ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)

**സെക്രട്ടറി**

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി
(ശബരിമല സെൽ)

**പകർപ്പ്:**

1. ദേവസ്വം കമ്മീഷണർ *(തുടർ നടപടിയ്ക്കായി)*
2. ചീഫ് എൻജിനീയർ *(തുടർ നടപടിയ്ക്കായി)*
3. സൂപ്രണ്ട് ഓഫ് പൊലീസ് (വിജിലൻസ്& സെക്യൂരിറ്റി)
4. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ *(തുടർ നടപടിയ്ക്കായി)*
6. പ്രൊജക്ട് മാനേജർ, ഓട്ടോമേഷൻ (തുടർ നടപടിയ്ക്കായി)
7. എല്ലാ ഡിപ്പാർട്ട്മെന്റ് ഓഫീസ് മേധാവികൾക്കും
8. എല്ലാ ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്കും
9. ഐടി ഡിവിഷൻ *(തുടർ നടപടിയ്ക്കും പ്രസിദ്ധീകരണത്തിനും)*
10. സെക്ഷൻ ഫയൽ
11. ഫെയർ ഓഫീസ് കോപ്പി